(സി) ഏതെങ്കിലും അമേരിക്കൻ കമ്പനിയുടെ വേപ്പിൻകുരു കഷായം സംസ്ഥാന മാർക്കറ്റിൽ വില്പനയ്ക്കിറക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതൽ;

(ഡി) ഏതെല്ലാം കീടങ്ങൾക്കെതിരെയാണ് ഇത് ഫലപ്രദമായി പ്രയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ),(ബി)&(സി) ഇല്ല.

(ഡി) വെട്ടുകിളികൾ, പുൽച്ചാടികൾ, വിവിധതരത്തിലുള്ള ചെടിതീനി പുഴുക്കൾ എന്നിവയ്ക്കെതിരെ ഇത് ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. കൂടാതെ ചീര, വെണ്ട, വഴുതന, പാവൽ തുടങ്ങിയ പച്ചക്കറികളെ ആക്രമിക്കുന്ന ഇല തീനിപുഴുക്കൾ, എപ്പിലാക്ന വണ്ടുകൾ മുതലായ കീടങ്ങളേയും ഇതു കൊണ്ട് നിയന്ത്രിക്കാവുന്നതാണ്.

14 (*447) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നത് തടയാൻ നടപടി

ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ വാഹനങ്ങളിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവർ ഉണ്ടാകാറുണ്ടോ; എങ്കിൽ അതിന്റെ ഏകദേശം കണക്ക് വ്യക്തമാക്കുമോ;

(ബി) എല്ലാ യാത്രക്കാരും ടിക്കറ്റെടുക്കാറുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) ടിക്കറ്റില്ലാതെയുള്ള യാത്ര ശിക്ഷാർഹമാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) ഒരു പാസഞ്ചർ കോഡുണ്ടാക്കാൻ പരിപാടിയുണ്ടോ; എങ്കിൽ അതിനുവേണ്ടിയുള്ള ഏതെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ടിക്കറ്റ് പരിശോധിക്കാൻ ആവശ്യമായ സ്റ്റാഫില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യത്തിന് എത്ര പേരുണ്ടാകണമെന്നാണ് നിലവിലുള്ള നിയമം; ഇപ്പോൾ എത്ര പേരുണ്ട്; കുറവുണ്ടെങ്കിൽ നികത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ) :

(എ) ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവർ ഉണ്ടാകാറുണ്ട്. ഇതു സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടില്ല.

(ബി) ബസ്സിൽ ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നത് ശിക്ഷാർഹമാണ്. ഇത്തരത്തിലുള്ള യാത്രക്കാരെ ശിക്ഷിക്കുവാൻ മോട്ടോർ വാഹനനിയമത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

179 (1) - ാം വകുപ്പിൽ നിബന്ധന ചെയ്തിരിക്കുന്നതനുസരിച്ച് 200-ാം വകുപ്പ് പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് കെ. എസ്.ആർ.ടി.സിയിലെ ഇൻസ്പെക്ടർമാർക്കും അതിന് മുകളിലേക്കുള്ള ഉദ്യോഗസ്ഥന്മാർക്കും ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവരിൽനിന്നും പിഴ ഈടാക്കാനുള്ള അധികാരം നൽകണമെന്ന് കോർപ്പറേഷന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) എം.വി. ആക്ട് 178 (1) അനുസരിച്ച് ടിക്കറ്റെടുക്കാതെയുള്ള യാത്ര ശിക്ഷാർഹമാണ്. എന്നാൽ ശിക്ഷ നടപ്പിലാക്കാൻ കെ.എസ്.ആർ. ടി.സി ഉദ്യോഗസ്ഥന്മാർക്ക്/ഇൻസ്പെക്ടർമാർക്ക് അധികാരം നൽകിയിട്ടില്ല.

(ഡി) പാസഞ്ചർ കോഡ്നടപ്പിൽ വരുത്തുവാൻ പരിപാടിയുണ്ട്. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നിവരുമായി ചർച്ച നടത്തി അവരുടെ അഭിപ്രായത്തോടൊപ്പം ഈ ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. കെ.എം.വി. റൂൾ 227-ൽ പാസഞ്ചർ കോഡ് നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സിയിൽ അനുവദിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് 1021 ഇൻസ്പെക്ടർമാരെ ആവശ്യമുണ്ട്. ഇപ്പോൾ 1013 പേർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. കുറവുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതാണ്. മറ്റു ജോലികൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഇൻസ്പെക്ടർ വിഭാഗത്തിലുള്ളവരെ ഉടൻ തന്നെ ഇൻസ്പെക്ഷൻ വിഭാഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

15 (*448) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ · താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനസംരക്ഷണ വികസനം, പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) എന്ത് തുക ലഭിക്കുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്ത് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവൺമെന്റ് ഈ രംഗത്ത് എന്ത് തുകയുടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനത്തിന്റെ വനപ്രദേശങ്ങൾ കുറയാതെ സംരക്ഷിച്ച് നിർത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ) :

LIBRARY ARCHIVES Kerala Legislative Assembly